# സൗഭാഗ്യമാണോ നീ തേടുന്നത്...?

alaswala.com

# ആമുഖം

الحَمْدُ لِلَّهِ وَالصَّلَاةُ وَالسَّلَامُ عَلَى رَسُولِ اللَّهِ وَعَلَى آلِهِ وَصَحْبِهِ أَجْمَعِينَ، أَمَّا بَعْدُ:

സന്തോഷകരമായ ഒരു ജീവിതം!

–പണ്ഡിതനാകട്ടെ പാമരനാകട്ടെ– ജനങ്ങളിൽ ഏവരും സുഖകരമായൊരു ജീവിതം നേടിയെടുക്കാനുള്ള ശ്രമങ്ങളിലാണ്. മനസ്സിനെ ബാധിച്ചിരിക്കുന്ന ഇടുക്കത്തിന്റെയും വേദനയുടെയും ദൌർഭാഗ്യത്തിന്റെയും ഭാരവും കനവുമൊന്നിറക്കി വെക്കാൻ എന്തുണ്ട് വഴികൾ എന്നു കണ്ടെത്താനുള്ള നിരന്തര പരിശ്രമങ്ങൾ!

എന്നാൽ ഈ പരിശ്രമങ്ങളുടെയെല്ലാം ഫലം എന്താണെന്ന് നീ ചിന്തിച്ചിട്ടുണ്ടോ?

അവരിൽ പലരും മുന്നോട്ടു വെക്കുന്ന പരിഹാര മാർഗങ്ങൾ ഒന്നും തന്നെ ലക്ഷ്യത്തിലേക്ക് അവരെ എത്തിക്കുന്നില്ലെന്നതാണ് സത്യം. സാധ്യമായ എല്ലാ വഴികളും അവർ തേടുന്നുണ്ടെങ്കിലും ചില അനുഭൂതികൾക്കും ആസ്വാദനങ്ങൾക്കും അപ്പുറം അവയൊന്നും ഫലം നൽകുന്നില്ല എന്നതാണ് യാഥാർഥ്യം!

കുറച്ചു നേരം നീണ്ടു നിൽക്കുന്ന ചില സന്തോഷങ്ങൾക്ക് ശേഷം –വളരെ പെട്ടെന്നു തന്നെ– അവരുടെ മനസ്സിന്റെ ആഴങ്ങളിൽ എന്തോ ഒന്ന് –ഏതോ ഒരു കാര്യം– ജീവിതത്തിന്റെ പരിശുദ്ധിക്ക് കളങ്കമേൽപ്പിച്ചു കൊണ്ട് നിലനിൽക്കുന്നതായി അവർക്ക് ബോധ്യപ്പെടുന്നുണ്ട്.

നീ വായിച്ചു കൊണ്ടിരിക്കുന്ന ഈ ചെറുകുറിപ്പ് ചിലപ്പോൾ യഥാർത്ഥ സുഖജീവിതത്തിലേക്ക് –സൌഭാഗ്യത്തിന്റെയും സ്വസ്ഥതയുടെയും വിഹായസ്സിലേക്ക്– നിനക്ക് വാതിൽ തുറന്നു തന്നേക്കാം. മനസ്സിന്റെ സമാധാനവും പരിപൂർണ്ണ ശാന്തിയും ലഭിക്കുന്ന വഴികളിലേക്ക് നിന്നെ ഈ ചെറുകുറിപ്പ് നയിച്ചേക്കാം.

## മുന്നോട്ടു പോകുന്നതിന് മുൻപ്...

ആദ്യം നീ നിന്റെ മനസ്സിനോടൊപ്പം ഒരു വേള നിൽക്കുക. നിന്റെ ഹൃദയവും ചിന്തയും തുറന്നു വെക്കാൻ ശ്രമിക്കുക!

നിന്റെ കൈകളിലുള്ള ഈ കുറിപ്പ് എഴുതിയത് ആരാകട്ടെ; ഇത് നിനക്ക് നൽകിയത് ആരുമാകട്ടെ; നീ ഇതിൽ പറയുന്നതിനെ കുറിച്ച് തുറന്ന മനസ്സോടെ ചിന്തിക്കുക. പറയുന്നതും പ്രചരിപ്പിക്കുന്നതും ആരുമാകട്ടെ; സത്യം

എവിടെയാണെങ്കിലും അത് കണ്ടെത്താൻ ആത്മാർത്ഥമായി ശ്രമിക്കുന്നവാനാണ് യഥാർത്ഥ ബുദ്ധിമാൻ.

## നിന്റെ സൃഷ്ടാവിനെ കുറിച്ച്...

ശാശ്വത സൌഖ്യവും സമാധാനവും നേടിയെടുക്കണമെങ്കിൽ മനുഷ്യൻ അവനെയും അവന് ചുറ്റുമുള്ള സൃഷ്ടികളെയും മറ്റെല്ലാം ജീവവർഗങ്ങളെയും സൃഷ്ടിച്ചവനായ അല്ലാഹുവിൽ വിശ്വസിക്കാതെ മറ്റൊരു വഴിയില്ല.

അല്ലാഹു!

മുസ്ലിംകളുടെ മാത്രം സ്രഷ്ടാവോ, അവർക്ക് മാത്രം പ്രത്യേകമായുള്ള ദൈവമോ അല്ല അവൻ. മറിച്ച് എല്ലാ മനുഷ്യരുടെയും സൃഷ്ടാവിന്റെ ഏറ്റവും മഹത്തരമായ നാമമാണ് അല്ലാഹു. ഏതെങ്കിലും പ്രത്യേക ദേശക്കാരുടെയോ ഭാഷ സംസാരിക്കുന്നവരുടെയോ നിറമുള്ളവരുടെയോ മാത്രം 'പ്രാദേശിക' ദൈവവും ആരാധ്യനുമല്ല അവൻ. മറിച്ച്, എല്ലാവരുടെയും സൃഷ്ടാവ്; പരിപാലകൻ; നിയന്താവ്. എല്ലാം അവന്റെതാണ്.

അങ്ങേയറ്റം കാരുണ്യമുള്ളവനും, എല്ലാം അറിയുന്നവനുമായ അവന്റെ മാർഗദർശനം പിൻപറ്റിയാലല്ലാതെ മനുഷ്യർക്ക് സൌഭാഗ്യം നേടുക സാധ്യമല്ല. കാരണം അവനാണ് നിന്നെയും നിനക്ക് മുൻപുള്ളവരെയും സർവ്വ മനുഷ്യരെയും സൃഷ്ടിച്ചത്. നിനക്ക് ഉപകാരമുള്ളതും ഉപദ്രവമുണ്ടാക്കുന്നതും എന്താണെന്ന് അവനാണ് ഏറ്റവും നന്നായി അറിയുക. നിനക്ക് സൌഭാഗ്യം ലഭിക്കുന്നതും, നീ ദൌർഭാഗ്യവാനായി തീരുന്നതും എപ്പോഴാണെന്നും അല്ലാഹുവിനേ അറിയൂ.

ദേഹേഛകളിലും വൃത്തികേടുകളിലും മുഖം കുത്തി വീണവനല്ലാത്ത ഏതൊരാൾക്കും മനസ്സിലാക്കാവുന്ന –ഒരിക്കലും നിഷേധിക്കാൻ കഴിയാത്ത– ലളിത യാഥാർത്ഥ്യമാണത്. അല്ലാഹു അവതരിപ്പിച്ച മതത്തിന്റെ ചിട്ടവട്ടങ്ങൾക്കുള്ളിൽ ജീവിക്കുന്നവർക്കാണ് യഥാർത്ഥ സൌഭാഗ്യം നേടിയെടുക്കാൻ കഴിയുന്നുള്ളൂ എന്ന യാഥാർത്ഥ്യം ചിന്തിക്കുന്ന ഏതൊരാൾക്കും മനസ്സിലാകാതെ പോകില്ല.

അല്ലാഹുവിലുള്ള വിശ്വാസമാണ് സൌഭാഗ്യത്തിലേക്കുള്ള വഴിയെങ്കിൽ; എങ്ങനെയാണ് ആ സൌഭാഗ്യത്തിലേക്ക് എത്തിച്ചേരുക?

നമുക്ക് ചുറ്റും ധാരാളം മതങ്ങളുണ്ട്. വിശ്വാസങ്ങളും ചിന്താഗതികളും പ്രത്യയശാസ്ത്രങ്ങളുമുണ്ട്. അവയെ കുറിച്ച് ശ്രദ്ധയോടെ പഠനം നടത്തുന്ന ഏതൊരാൾക്കും അവയെല്ലാം പരസ്പരം അടിസ്ഥാനപരമായ അഭിപ്രായവ്യത്യാസങ്ങളും വിയോജിപ്പുകളും ധാരാളം വെച്ചു പുലർത്തുന്നവയാണ് എന്ന് എളുപ്പം മനസ്സിലാകും.

ഈ വഴികളിൽ ഏതാണ് ശരിയുടെ വഴി?

എന്നെയും നിന്നെയും സൃഷ്ടിച്ച അല്ലാഹുവിന് ഇഷ്ടപ്പെട്ട മാർഗം ഏതാണ്?

ഏതു വഴിയിലൂടെ സഞ്ചരിച്ചാലാണ് നാം തേടിക്കൊണ്ടിരിക്കുന്ന സൌഭാഗ്യത്തിന്റെ തുരുത്ത് കണ്ടെത്താനാവുക?

എവിടെയാണ് നമുക്കൊന്നു സ്വസ്ഥതയോടെ വിശ്രമിക്കാനാവുക?

ഈ ചോദ്യങ്ങൾക്ക് മറുപടി പറയുന്നതിന് മുൻപ്...

പ്രധാനപ്പെട്ട ഒരു അടിസ്ഥാനം നാം മനസ്സിലാക്കിയേ തീരൂ.

## ഞാൻ.. എന്റെ മതം...!

ഒരാൾ ഏതെങ്കിലുമൊരു മതത്തിൽ ജനിച്ചു വീണു എന്നത് കൊണ്ട് മാത്രം ആ മതം ശരിയുടെ പക്ഷത്തായി കൊള്ളണമെന്നില്ല. മുസ്ലിമായ രക്ഷിതാക്കൾക്ക് പിറന്നുവെന്നത് കൊണ്ടു മാത്രം; ഹിന്ദുവും നസ്വ്‌റാനിയുമായ രക്ഷിതാക്കൾക്ക് ജനിച്ചുവെന്നതിനാൽ മാത്രം...

ഇല്ല! അതൊരിക്കലും ശരിയാകില്ല.

ജനനം കൊണ്ട് മാത്രം ഓരോരുത്തരും ശരിയുടെ വക്താക്കളാവില്ല.

മറിച്ച്, എന്റെ വിശ്വാസവും പ്രവർത്തനനങ്ങളും ആരാധനകളും ജീവിതരീതികളും ശരിയുടെ വഴിയിലാണെന്ന് എനിക്ക് ഉറപ്പു വരുത്താൻ കഴിയുക; എന്റെ മനസ്സിനെ ബോധ്യപ്പെടുത്താൻ കഴിയുക; സുവ്യക്തവും ശക്തവുമായ തെളിവുകളുടെ പിൻബലം അതിനുണ്ടാകുമ്പോൾ മാത്രമാണ്.

തെളിവുകൾ വേണം! ഉറപ്പു വരണം. ദൃഢബോധ്യവും വ്യക്തതയും ഉണ്ടാകണം. അപ്പോഴേ എന്റെ ബുദ്ധി വിശ്രമിക്കൂ. മനസ്സ് സ്വസ്ഥമാകൂ.

കാരണം എന്നെയും എനിക്കും ചുറ്റും അലഞ്ഞു തിരിയുന്ന കന്നുകാലികളെയും മറ്റനേകം മൃഗങ്ങളെയും വേർതിരിക്കുന്നത് ചിന്തിക്കാൻ കഴിയുന്ന ബുദ്ധി എനിക്കുണ്ടെന്നതും, അവക്ക് അതില്ലെന്നതുമാണ്.

അല്ലെങ്കിൽ നമ്മൾ തമ്മിൽ എന്തു വ്യത്യാസമാണ് ഉള്ളത്?

അതിനാൽ; ബുദ്ധി ഉപയോഗിച്ചേ തീരൂ; ഇല്ലെങ്കിൽ അവയെ പോലെ തന്നെ ഞാനും ആയി തീരും...

ഇല്ല! ഞാനൊരിക്കലും അങ്ങനെയാവില്ല.

എനിക്ക് സത്യം കണ്ടെത്തണം! ഞാനൊരിക്കലും അസത്യത്തിന്റെ വക്താവായിക്കൂടാ. എവിടെയാണ് സത്യമുള്ളതെന്ന് കണ്ടെത്തിയേ തീരൂ...!

വ്യത്യസ്ത മതങ്ങളുടെ വിശ്വാസങ്ങളിലൂടെ ഒരു ചുരുങ്ങിയ ഓട്ടപ്രദക്ഷിണം നടത്തുന്നത് ചിലപ്പോൾ സത്യത്തിലെക്ക് എത്തിച്ചേക്കാം. കാരണം എല്ലാ മതങ്ങളും തങ്ങളാണ് സത്യത്തിന്റെ വക്താക്കൾ എന്നാണല്ലോ പറയുന്നത്. അവരുടെ വഴിയിലാണ് മോക്ഷമുള്ളതെന്നാണല്ലോ ആവർത്തിക്കുന്നത്.

അവയെ കുറിച്ച് പഠിക്കുന്നത് കാലങ്ങളായി കാത്തിരുന്ന ഉത്തരം കാണിച്ചു തന്നേക്കാം.

ഈ പറഞ്ഞതു വരെ നീ എന്നോട് യോജിക്കുന്നുണ്ടെങ്കിൽ; എനിക്ക് നിന്നോടു ചിലത് പറയാനുണ്ട്...!

## ഇതാണ് സത്യം! ഇതു മാത്രം...!

എല്ലാ ഉറപ്പോടെയും ഞാൻ നിന്നോട് പറയട്ടെ! –നിന്നോടുള്ള അനുകമ്പ മുൻനിർത്തി ഈ വരികൾ ഞാൻ കുറിക്കട്ടെ–! എന്റെ ഈ വാക്കുകൾ നിന്റെ ദീർഘമായ യാത്ര ചുരുക്കിയേക്കാം. സത്യത്തിന് വേണ്ടിയുള്ള നിന്റെ അലച്ചിൽ കുറച്ചു തന്നേക്കാം!

സത്യം അന്വേഷിക്കുന്ന ബുദ്ധിയുള്ള സുഹൃത്തേ!

നീ എന്തു മാത്രം അന്വേഷിച്ചാലും, എത്രയെല്ലാം സഞ്ചരിച്ചാലും സത്യത്തിന്റെ മാർഗം ഒന്നു തന്നെയാണെന്ന് സംശയലേശമന്യേ നിനക്ക് ബോധ്യപ്പെടും. നിന്റെ വഴികളെല്ലാം അവിടെ ചെന്നവസാനിക്കാതിരിക്കില്ല.

ശരിയായ മതം ഒന്നു മാത്രമാണ്. സത്യത്തിന്റെ വഴിയും അതു മാത്രമേ ഉള്ളൂ.

ഇസ്ലാം!

യഥാർത്ഥ സൌഭാഗ്യം ഇസ്ലാമിലാണ്.

അല്ല! ഇസ്ലാമിൽ മാത്രമാണ്.

ഒരു നിമിഷം!

മുഖം ചുളിക്കാതിരിക്കൂ!

ദേഷ്യം പിടിക്കേണ്ടതില്ല.

ഈ കുറിപ്പ് നീ വലിച്ചെറിയുന്നതിന് മുൻപ്...

ഒന്നു ചോദിക്കട്ടെ...!

ഇതൊന്ന് പൂർണ്ണമായി വായിച്ചത് കൊണ്ട് നിനക്ക് എന്തുപദ്രവമാണ് വരാനുള്ളത്?

ക്ഷമയോടെ കുറച്ചു വരികൾ കൂടി മുന്നോട്ടു പോകുന്നതിന് എന്തു പ്രയാസമാണുള്ളത്...?

ചിലപ്പോൾ നിനക്ക് ഉപകാരപ്പെടുന്ന ചിലതെങ്കിലും നീ ഇതിന്റെ അവസാനത്തിൽ കണ്ടെത്തിയേക്കാം..

അതു കൊണ്ട്...

താങ്കൾ ബുദ്ധിയുള്ള ഒരാളാണല്ലോ? കാര്യങ്ങൾ വേർതിരിച്ചറിയാൻ താങ്കൾക്ക് കഴിയും. ശരിയും തെറ്റും വേർതിരിച്ചു മനസ്സിലാക്കാനും സാധിക്കും. ഞാൻ പറയുന്നതിനെ കുറിച്ച് നിങ്ങൾക്ക് ചിന്തിക്കാമല്ലോ?

അതിനാൽ...

## എന്തു കൊണ്ട് ഇസ്ലാം മാത്രം ശരി?!

ന്യായമായ ചോദ്യം! വളരെ പ്രധാനപ്പെട്ട അന്വേഷണം! സത്യം അന്വേഷിക്കുന്നവരല്ലാതെ അത് ചോദിക്കുകയില്ല.

ഉത്തരമായി ഞാൻ പറയട്ടെ!

മറ്റൊരു മതത്തിലും ഒരിക്കലും കണ്ടെത്താൻ കഴിയാത്ത അനേകം നന്മകളും പ്രത്യേകതകളും ഒരുമിച്ച മതമാണ് ഇസ്ലാം.

മറ്റൊരു മതത്തിലും –ശ്രദ്ധിക്കുക!– വളരെ ഉറപ്പോടു കൂടെയാണ് ഞാനിത് പറയുന്നത്–; മറ്റൊരു മതത്തിലും നിനക്ക് ഇസ്ലാം ഉൾക്കൊള്ളുന്ന നന്മകൾ ഒരുമിച്ചു കൂടിയതായി കാണുക സാധ്യമേയല്ല.

ഉണ്ടെങ്കിൽ നീ കാണിച്ചു നൽകുക! നിന്റെ വാദം ഞാൻ സമ്മതിച്ചു തരാം. നിന്റെ അഭിപ്രായമാണ് ശരിയെന്ന് ഞാൻ സമ്മതിക്കാം. പക്ഷേ എനിക്കുറപ്പുണ്ട്! നിനക്കതിന് കഴിയില്ല.

ഇസ്ലാമിനെ കുറിച്ച് നിഷ്പക്ഷമായി നീ പഠിക്കുകയാണെങ്കിൽ; നിന്റെ സ്രഷ്ടാവായ അല്ലാഹുവിൽ നിന്ന് അവതരിക്കപ്പെട്ട മതമാണ് ഇതെന്ന കാര്യം ഒരു സംശയത്തിനും ഇടയില്ലാതെ അത് നിന്നെ ബോധ്യപ്പെടുത്തി തരും. അവധാനതയോടെ, ആഴത്തിൽ നീ പഠിക്കാൻ ശ്രമിച്ചു നോക്കൂ. ഈ മതത്തെ കുറിച്ച് അന്വേഷിച്ചു നോക്കൂ. നിനക്കത് മനസ്സിലാകും.

ധാരാളം നന്മകൾ ഇസ്ലാമിലുണ്ടെന്നു പറഞ്ഞുവല്ലോ? അവയെല്ലാം ഈ ചെറിയ കുറിപ്പിൽ ഉൾക്കൊള്ളിക്കുക പ്രയാസം തന്നെ. എന്നാലും ചിലതെല്ലാം താഴെ പറയാം.

## ഇസ്ലാമിന്റെ ചില പ്രത്യേകതകൾ:

1– ഇസ്ലാമിന്റെ പ്രത്യേകതകളിൽ ഏറ്റവും പ്രധാനപ്പെട്ടത്; അത് മനുഷ്യന്റെ ആത്മീയവശത്തെ അവഗണിക്കുന്നില്ല എന്നത് തന്നെയാണ്. **ആത്മാവിന്റെ വിശപ്പ് ശമിപ്പിക്കുന്നതെല്ലാം ഇസ്ലാമിലുണ്ട്.**

ഇസ്ലാം സ്വീകരിച്ചവന്റെ ഹൃദയത്തെ അവരുടെ സ്രഷ്ടാവുമായി എപ്പോഴും ബന്ധിപ്പിച്ചു നിർത്തുന്ന അത്ഭുതം നിനക്കീ മതത്തിൽ ദർശിക്കാം. അതവന്റെ മനസ്സിന് എപ്പോഴും സ്വസ്ഥതയും സമാധാനവും നൽകുന്നു. അരാജകത്വത്തിൽ നിന്നും, ആത്മീയ ശൂന്യതയിൽ നിന്നും, മനസ്സിന്റെ ചാഞ്ചാട്ടങ്ങളിൽ നിന്നും അതവനെ രക്ഷിക്കുന്നു.

ഇസ്ലാം ഒരിക്കലും സൃഷ്ടികളുമായി മനുഷ്യന്റെ ഹൃദയത്തെ ബന്ധിച്ചിടുന്നില്ല. നശിച്ചു പോകുന്നവയിൽ അവന്റെ ജീവിതത്തെ തളച്ചിടുന്നില്ല. നിന്റെ ജീവിതത്തെ അനിശ്ചിതത്വത്തിൽ ഉപേക്ഷിച്ചു പോകുന്നുമില്ല.

നിന്നെ പോലുള്ള –ജനിക്കുകയും രോഗം ബാധിക്കുകയും സുഖപ്പെടുകയും ക്ഷയിക്കുകയും മരിക്കുകയും മണ്ണായി തീരുകയും ചെയ്യുന്ന– മനുഷ്യർക്ക് മുന്നിൽ നിന്റെ ശിരസ്സ് കുനിക്കാൻ ഇസ്ലാം കൽപ്പിക്കില്ല. അവരുടെ ആരുടെയും അടിമകളായി നിന്റെ ജീവിതം ഹോമിക്കണമെന്ന് അത് നിന്നോട് ആവശ്യപ്പെടില്ല. നിന്റെ ബുദ്ധിയും സമ്പാദ്യവും അഭിമാനവും –നിന്റെ സഹജീവികൾക്ക് മുന്നിൽ– അടിയറ വെപ്പിക്കില്ല.

നിന്നെ പോലുള്ള മനുഷ്യർ പടുത്തുയർത്തിയ മൺവിഗ്രഹങ്ങൾക്കു മുന്നിൽ കൈകൂപ്പി നിൽക്കുന്ന അധമത്വം നിനക്ക് ഇസ്ലാമിൽ കാണുക സാധ്യമല്ല. ഇന്നലെ വരെ മനുഷ്യർ ചവിട്ടി നടന്ന –മൃഗങ്ങൾ കാഷ്ഠിക്കുകയും വൃത്തികേടുകൾ നിക്ഷേപിക്കപ്പെടുകയും ചെയ്ത– മണ്ണ് കൊണ്ടല്ലേ അത് പടുത്തുയർത്തപ്പെട്ടത്?

അത് കേൾക്കുമോ? കാണുമോ? നിനക്ക് ഉപകാരമോ ഉപദ്രവമോ ചെയ്യുമോ? നിന്നെ സഹായിക്കുമോ? നിന്നെ ഉപദ്രവത്തിൽ നിന്ന് രക്ഷിക്കുമോ? എന്തിനധികം? അതിനെ ആരെങ്കിലും ഉപദ്രവിച്ചാൽ സ്വയം സംരക്ഷിക്കാൻ പോലും അതിന് കഴിയുമോ?

നീ ചിന്തിക്കുന്നുണ്ടാകാം.. ഇസ്ലാമിന്റെ വക്താക്കൾ എന്ന് അവകാശപ്പെടുന്നവർ കെട്ടിപ്പൊക്കിയ ഖബറുകൾക്ക് മുൻപിൽ ആരാധനകൾ സമർപ്പിക്കുന്നുണ്ടല്ലോ? അവരതിനെ ആരാധിക്കുന്നുണ്ടല്ലോ?

ഞാൻ നിന്നോട് പറയട്ടെ:

ഈ മഖ്ബറകൾക്കും ജാറങ്ങൾക്കും ഇസ്ലാമുമായി യാതൊരു ബന്ധവുമില്ല. ഇസ്ലാമിന്റെ ഭാഷയിൽ അവ ശപിക്കപ്പെട്ടവയാണ്. അവ നിർമ്മിച്ചവർ ശപിക്കപ്പെട്ടവരും, അതിനെ ആരാധിച്ചവർ ഇസ്ലാമിൽ സ്ഥാനമില്ലാത്തവരും.

ഇസ്ലാം നിന്നെ ക്ഷണിക്കുന്നത് നിന്നെയും നിനക്ക് മുൻപുള്ളവരെയും ലോകത്തുള്ള സർവ്വ ചരാചരങ്ങളെയും സൃഷ്ടിച്ച ഏകനായ രക്ഷിതാവിലേക്ക് മാത്രമാണ്. അല്ലാഹുവിലേക്ക് മാത്രമാണ്.

അവനുമായാണ് നിന്റെ ഹൃദയം ബന്ധിക്കപ്പെടേണ്ടത്. അവനിൽ മാത്രമാണ് നീ ഭരമേൽപ്പിക്കേണ്ടത്. അവനെ മാത്രമാണ് നീ ഭയക്കുകയും, അവനിൽ മാത്രമാണ് നീ പ്രതീക്ഷയർപ്പിക്കുകയും ചെയ്യേണ്ടത്.

അവൻ നിന്നോടൊപ്പമുണ്ടെങ്കിൽ –മറ്റെല്ലാവരും നിനക്ക് എതിരായാലും– നീ എന്തിന് ഭയക്കണം? അവൻ നിന്നോടൊപ്പമില്ലെങ്കിൽ –മറ്റെല്ലാവരും നിന്നോടൊപ്പമുണ്ടെങ്കിലും– നിനക്കെങ്ങനെ നിർഭയനായിരിക്കാൻ കഴിയും?!

ഈ വിശ്വാസം നിന്റെ ഹൃദയത്തിന് നൽകുന്ന മനസ്സമാധാനത്തെ കുറിച്ചും, ശാന്തിയെ കുറിച്ചും നീ ആലോചിച്ചിട്ടുണ്ടോ? ദർഗകളിൽ നിന്ന് ദർഗകളിലേക്കും, ക്ഷേത്രങ്ങളിൽ നിന്ന് ക്ഷേത്രങ്ങളിലേക്കും, ആൾദൈവങ്ങളിൽ നിന്ന് അവരെ പോലുള്ള മറ്റുള്ളവരിലേക്കും അവസാനമില്ലാതെ –അശാന്തമായ മനസ്സുമായി, കലുഷിതമായ ഹൃദയവുമായി– പോകുന്നത് അവസാനിപ്പിക്കാറായില്ലേ?!

അവയുടെയെല്ലാം നിയന്ത്രണമേറ്റെടുത്ത നിന്റെ റബ്ബ് –സ്രഷ്ടാവും പരിപാലകനും കാരുണ്യവാനുമായ അല്ലാഹുവിന്റെ സംരക്ഷണം നിനക്കുള്ളപ്പോൾ എന്തിനാണ് ഈ മദ്ധ്യസ്ഥർ? ശക്തിയും കഴിവുമില്ലാത്ത സൃഷ്ടികൾ?!

2– **ഇസ്ലാം ബുദ്ധിയോടു പൂർണ്ണമായി യോജിക്കുന്നു.** അതിലെ വിധിവിലക്കുകളും നിയമ നിർദേശങ്ങളും നീ പരിശോധിക്കുക. അവ ശരിയായ ബുദ്ധിക്ക് പൂർണമായും അനുയോജ്യമായിരിക്കും.

ഇസ്ലാമും ബുദ്ധിയും ഒരിക്കലും ഏറ്റുമുട്ടുന്നില്ല. ഇസ്ലാം സ്വീകരിച്ച ഒരാളോടു 'എന്തിനാണ് നീ ഇസ്ലാം സ്വീകരിച്ചതെന്ന്' ചോദിച്ചപ്പോൾ പറഞ്ഞ മറുപടി ഈ അവസരത്തിൽ പ്രസക്തമാണ്.

അയാൾ പറഞ്ഞു: "ഇസ്ലാം കൽപ്പിച്ച ഏതൊരു കാര്യം കാണുമ്പോഴും എന്റെ ബുദ്ധി പറയുന്നു; അത് കൽപ്പിക്കപ്പെടാതെ വിട്ടിരുന്നെങ്കിൽ എത്ര മോശമാകുമായിരുന്നു! വിരോധിച്ചവ കാണുമ്പോഴും അപ്രകാരം തന്നെ."

എന്നാൽ മറ്റനേകം മതങ്ങൾ; അവയുടെ പ്രാഥമിക അദ്ധ്യാപനങ്ങൾ പോലും ബുദ്ധിക്ക് സ്വീകരിക്കാൻ വളരെ പ്രയാസമുണ്ടാക്കുന്നു എന്നതിൽ സംശയമില്ല. അവയുടെ സർവ്വ സ്വീകാര്യമായ അടിസ്ഥാനങ്ങൾക്ക് മുൻപിൽ പോലും ബുദ്ധി പരിഭ്രാന്തമായി നിൽക്കുന്നത് നിനക്ക് കാണാം.

എന്നാൽ ഇസ്ലാം ബുദ്ധിയെ ആദരിക്കുന്നു. ചിന്തിക്കണമെന്നും ആലോചിക്കണമെന്നും ആവർത്തിച്ചു കൽപ്പിക്കുന്നു. അജ്ഞതയെയും അന്ധമായ അനുകരണത്തെയും ശക്തമായി ആക്ഷേപിക്കുന്നു.

3– **ആത്മീയതയെയും ഭൌതികതയെയും വളരെ മനോഹരമായി ഇസ്ലാം കൂട്ടിയിണക്കുന്നു.** മനുഷ്യന്റെ ആത്മാവിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതോടൊപ്പം അവന്റെ ശരീരത്തിന്റെ ആവശ്യങ്ങളെയും അനിവാര്യതകളെയും കൂടി അത് പരിഗണിക്കുന്നു.

ഇസ്ലാം സ്വീകരിക്കുന്നതോടെ നീ ലോകത്ത് നിന്ന് അകന്നു പോകുന്നില്ല. അതിലെ നന്മ നിറഞ്ഞ സുഖങ്ങളും ഉപദ്രവകരമല്ലാത്ത ആസ്വാദനങ്ങളും അതോടെ അവസാനിക്കുന്നുമില്ല.

ഒരു മനുഷ്യന് ഇസ്ലാമിന്റെ നിയമങ്ങൾ ഏറ്റവും ശ്രുഷ്കാന്തിയോടെ നിലനിർത്താം. അതോടൊപ്പം അവന്റെ ഭൌതിക വ്യവഹാരങ്ങൾ സുഖമമായി മുന്നോട്ടു പോവുകയും ചെയ്യും. അല്ല! അവയിലെല്ലാം ഏറ്റവും ഉയർന്ന പദവികളിലും, ശ്രേഷ്ഠമായ അവസ്ഥകളിലും അതവനെ എത്തിക്കും.

സമൂഹത്തിൽ നിന്നെല്ലാം അകന്ന് ഏകാന്തജീവിതത്തിൽ അഭയം പ്രാപിക്കാനല്ല ഇസ്ലാം നിന്നോട് ആവശ്യപ്പെടുന്നത്. മനുഷ്യരുടെ പ്രകൃതിപരമായ തൃഷ്ണകളെ കണ്ടില്ലെന്നു നടിക്കുകയും ബ്രഹ്മചര്യത്തിന്റെ ഏകാന്ത വഴികളിൽ പ്രവേശിക്കുകയും ചെയ്തവരെ ഇസ്ലാം ആക്ഷേപിക്കുന്നു. മറ്റുള്ളവരുടെ ആശ്രിതരും യാചകരുമായി ജീവിതം തള്ളി നീക്കുന്ന നിരുത്തരവാദത്തെ അത് അംഗീകരിക്കുന്നുമില്ല.

മറിച്ച്, ആത്മീയതയുടെയും ഭൌതികതകയുടെയും കൃത്യമായ സങ്കലനം ഇസ്ലാമിൽ നിനക്ക് ദർശിക്കാൻ കഴിയും. പള്ളിമുറികൾക്കുള്ളിൽ ഇരിക്കുന്ന കേവല നിമിഷങ്ങളിൽ മാത്രം നിന്നെ നിയന്ത്രിക്കുന്ന, സംഭാവന പെട്ടിയിൽ തുട്ടുകൾ നിക്ഷേപിക്കുന്നതോടെ നിന്നോട് വിട പറയുന്ന ഇടുങ്ങിയ ആത്മീയത ഇസ്ലാമിന് പരിചയമില്ല.

4– **ഇസ്ലാം സർവ്വസ്പർശിയാണ്. അതിന്റെ വെളിച്ചമെത്താതെ പോയ ഒരു ഇടനാഴിയുമില്ല.** ജീവിതത്തിന്റെ ഏതു മേഖലകളിലാണ് നീ വഴി തിരയുന്നതെങ്കിലും ചോദിക്കുക; ഇസ്ലാം നിനക്ക് ഉത്തരം നൽകും. കൃത്യവും സുവ്യക്തവുമായ മാർഗം കാണിച്ചു തരും.

ഏതു പ്രശ്നങ്ങൾക്കും ഇസ്ലാമിൽ പരിഹാരമുണ്ട്. അതിനാൽ ഏതു കാലഘട്ടത്തിലും അത് പ്രസക്തമാണ്. ഏത് പ്രദേശത്തിനും അത് അനുയോജ്യവുമാണ്. ഈ മതം എല്ലാ മേഖലകളിലും കൃത്യമായ അടിസ്ഥാനങ്ങളും നന്മ നിറഞ്ഞ നിയമങ്ങളും നിശ്ചയിച്ചിരിക്കുന്നു.

അഭിപ്രായവ്യത്യാസങ്ങളിൽ ഇസ്ലാമിന് പരിഹാരങ്ങളുണ്ട്. കച്ചവടം, ഇടപാടുകൾ, സാമൂഹിക-ദാമ്പത്യ ബന്ധങ്ങൾ എന്നിങ്ങനെയുള്ള വിഷയങ്ങളിൽ വ്യക്തമായ ഉത്തരങ്ങളുണ്ട്. അഭിവാദന രീതികളെ കുറിച്ചും, യാത്രാ മര്യാദകളെ കുറിച്ചും, വഴിവക്കുകളിൽ ഇരിക്കേണ്ടത് എങ്ങനെയെന്നതിനെ കുറിച്ചും അതിൽ കുറഞ്ഞതല്ലാത്ത പരാമർശങ്ങളുണ്ട്. ഒരു മനുഷ്യൻ ഉറങ്ങേണ്ടതും ഭക്ഷിക്കേണ്ടതും കുടിക്കേണ്ടതും ധരിക്കേണ്ടതും എങ്ങനെയായിരിക്കണമെന്ന് പോലും ഇസ്ലാം നിനക്ക് വിശദീകരിച്ചു നൽകും.

മേൽ പറഞ്ഞ വിഷയങ്ങളിലൊന്നും കേവല പരാമർശങ്ങളിലോ ചില പൊതുവായ നിർദേശങ്ങളിലോ ഇസ്ലാം ഒതുക്കി നിർത്തിയിട്ടില്ല. മറിച്ച് വ്യക്തവും സൂക്ഷ്മമായ മേഖലകളെ പോലും സ്പർശിച്ചു കൊണ്ടുമാണ് അതിന്റെ നിയമങ്ങൾ. ഏതൊരു ബുദ്ധിമാനെയും അവ അത്ഭുതപ്പെടുത്താതിരിക്കില്ല.

എങ്ങനെ ചെരിപ്പ് ധരിക്കണമെന്നും അതെങ്ങനെ ഊരി വെക്കണമെന്നും ഇസ്ലാം പഠിപ്പിച്ചിട്ടുണ്ടെന്ന് നിനക്കറിയാമോ? നല്ല കാര്യങ്ങൾ പ്രവർത്തിക്കുമ്പോൾ -ഭക്ഷിക്കുകയും വെള്ളം കുടിക്കുകയും ഹസ്തദാനം ചെയ്യുകയും കൊടുക്കുകയും വാങ്ങുകയും ചെയ്യുമ്പോൾ- വലതു കൈ ഉപയോഗിക്കണം. എന്നാൽ, മോശം കാര്യങ്ങൾ ചെയ്യുമ്പോൾ - ഉദാഹരണത്തിന്; പ്രാഥമിക കാര്യങ്ങൾ നിർവഹിക്കുമ്പോൾ- ഇടതു കൈ ഉപയോഗിക്കണം. ഇസ്ലാമിലെ നിയമങ്ങളിൽ ഒന്നാണിത്!

എങ്ങനെ ഉറങ്ങണം? എഴുന്നേൽക്കേണ്ടതെങ്ങനെ? സുന്ദരമായ നിയമങ്ങളുണ്ട് ഈ മതത്തിൽ. അന്വേഷിച്ചാൽ നിനക്ക് അറിയാൻ കഴിയും. രണ്ട് മുസ്ലിംകൾ പരസ്പരം കണ്ടു മുട്ടിയാൽ എങ്ങനെ അഭിവാദനം ചെയ്യണം? ഇസ്ലാമിൽ നിയമങ്ങളുണ്ട്. 'അസ്സലാമു അലൈകും' -അല്ലാഹുവിൽ നിന്നുള്ള രക്ഷ നിനക്ക് ഉണ്ടാകട്ടെ!- എന്നാണു പറയേണ്ടത്.

വാഹനത്തിൽ യാത്ര ചെയ്യുന്നവൻ നടക്കുന്നവനോട് അഭിവാദ്യം പറയണം. ചെറിയവർ മുതിർന്നവരോട്. ചെറിയ സംഘം വലിയ സംഘത്തോട്. ഇങ്ങനെയിങ്ങനെ...

ഇസ്ലാമിലെ ചില നിയമങ്ങൾ മാത്രമാണ് മേൽ പറഞ്ഞത്. ഇനിയും എത്രയോ ബാക്കിയുണ്ട്. അവ നിന്റെ ബുദ്ധിയെ തൃപ്തമാക്കും. മനസ്സിനെ ശാന്തമാക്കും. മുഖം പ്രശോഭിതമാക്കും. തീർച്ച!

5– ഇസ്ലാമിലെ നിയമങ്ങളിലെല്ലാം പൊതുവായി ഒരു കാര്യം കണ്ടെത്താൻ കഴിയും. **മനുഷ്യർക്ക് ഉപകാരമുള്ളവ മാത്രമേ അവ കൽപ്പിച്ചിട്ടുള്ളൂ. മനുഷ്യർക്ക് ഉപദ്രവമുണ്ടാക്കുന്നവ മാത്രമേ അത് വിലക്കിയിട്ടുള്ളൂ.**

ഉദാഹരണത്തിന് മദ്യം. ഇസ്ലാമിൽ മദ്യം നിഷിദ്ധമാണ്. ആരോഗ്യത്തെയും ബുദ്ധിയെയും അതെന്തു മാത്രം ബാധിക്കുമെന്ന് ഏതൊരാൾക്കും അറിയാം. മദ്യപാനി പലപ്പോഴും മനുഷ്യനല്ലാതായി തീരുന്നത് നീ തന്നെ കണ്ടിരിക്കാം. ഇസ്ലാം മദ്യം നിഷിദ്ധമാക്കിയിരിക്കുന്നു.

എത്രയോ മരണങ്ങളും വൃത്തികേടുകളും ആക്സിഡന്റുകളും ബലാൽസംഗങ്ങളും മറ്റു തിന്മകളും ഈ ഒരൊറ്റ കാര്യം അവസാനിപ്പിച്ചിരുന്നെങ്കിൽ ഉണ്ടാകില്ലായിരുന്നു. കണ്ണീർ കുടിക്കുന്ന എത്രയോ കുടുംബങ്ങളുടെ പുഞ്ചിരികൾ ബാക്കിയാകുമായിരുന്നു. എത്രയോ പേർ നമുക്കിടയിൽ ഇപ്പോഴും സന്തോഷത്തോടെ ജീവിച്ചിരിക്കുമായിരുന്നു.

ഏതെങ്കിലും മതത്തിൽ മദ്യത്തെ കുറിച്ച് വ്യക്തമായ നിയമ–നിർദേശങ്ങൾ നീ കണ്ടിട്ടുണ്ടോ; ഇസ്ലാമിൽ അല്ലാതെ?! ഏതെങ്കിലും മതം ഈ തിന്മയെ മുച്ചൂടും എതിർക്കുന്നതായി നീ കണ്ടിട്ടുണ്ടോ; ഇസ്ലാമല്ലാതെ?!

ഇസ്ലാം വൈവാഹിക ബന്ധത്തിന് പുറമെയുള്ള ലൈംഗികതയെ വിലക്കിയിട്ടുണ്ട്. അവ പാലിക്കപ്പെട്ടിരുന്നെങ്കിൽ എയ്ഡ്സ്, സിഫിലിസ് പോലുള്ള മാരക രോഗങ്ങൾ മനുഷ്യരിൽ നിന്ന് അകന്നു നിന്നേനെ. സാംസ്കാരികമായ നാശങ്ങളിൽ നിന്ന് മനുഷ്യ സമൂഹം രക്ഷപ്പെട്ടേനെ. മാതാവിന്റെ കരലാളനകളും പിതാവിന്റെ ശിക്ഷണവും ലഭിക്കാതെ പോയ 'പിതൃത്വമില്ലാത്ത' –സമൂഹത്തിന് ഭാരവും നാശവുമായ– ഒരു സമൂഹം ഇവിടെ വളർന്നു വരില്ലായിരുന്നു.

സ്ത്രീയുടെ സൌന്ദര്യം അന്യപുരുഷർക്ക് മുൻപിൽ പ്രദർശിപ്പിക്കരുതെന്നും, അവൾ അങ്ങേയറ്റം സംരക്ഷിക്കപ്പെടേണ്ട മാണിക്യമാണെന്നും ഇസ്ലാം സ്ത്രീയെ ബോധ്യപ്പെടുത്തുന്നു. വഴികളിൽ ഏവർക്കും പ്രദർശിക്കപ്പെടാനും, വില പറയപ്പെടാനുമുള്ള വിലകുറഞ്ഞ ചരക്കായി അവളെ ഇസ്ലാം കാണുന്നില്ല. സ്ത്രീയുടെ ശുദ്ധിയും ചാരിത്ര്യവും പരിശുദ്ധിയും നശിപ്പിച്ചാലും, തങ്ങളുടെ ലൈംഗിക തൃഷ്ണകൾ തീർക്കണമെന്നല്ലാതെ മറ്റൊരു ലക്ഷ്യവും മനസ്സിൽ കൊണ്ടു നടക്കാത്ത, മനുഷ്യപ്പിശാചുകളിൽ നിന്ന് അവൾ സംരക്ഷിക്കപ്പെടേണ്ടതുണ്ട്.

എന്നാൽ മേൽ പറഞ്ഞതിനെല്ലാം ഒരു മറുവശം കൂടിയുണ്ട്. മദ്യം നിരോധിച്ച ഇസ്ലാം, ഉപകാരപ്രദമായ എല്ലാ പാനീയങ്ങളും –ഒന്നു പോലും ഒഴിച്ചു നിർത്താതെ– അനുവദിച്ചിട്ടുണ്ട്. വൈവാഹിക ബന്ധത്തിലൂടെ പുരുഷനും സ്ത്രീയും പരസ്പരം ആസ്വദിക്കുന്നത് ഇസ്ലാം തടഞ്ഞിട്ടില്ല. സുന്ദരമായ ദാമ്പത്യ

ജീവിതത്തിന്റെ വഴികളും അത് തുറന്നു വെച്ചു കൊടുത്തിരിക്കുന്നു.

ചുരുക്കത്തിൽ; ഇസ്ലാം സ്വാതന്ത്ര്യങ്ങളെയും താൽപര്യങ്ങളെയും തടഞ്ഞു വെക്കുന്നില്ല. മറിച്ച്, അവയെ ക്ലിപ്തപ്പെടുത്തുകയും ക്രമപ്പെടുത്തുകയുമാണ് ചെയ്യുന്നത്. അതാകട്ടെ; മനുഷ്യർക്കും അവരുടെ സമൂഹത്തിനും നന്മകൾ സമ്മാനിക്കുകയും, പ്രയാസങ്ങളിൽ നിന്ന് അവരെ സംരക്ഷിക്കുകയുമേ ചെയ്യുന്നുള്ളൂ.

6– **സ്വഭാവ–സംസ്കാര മേഖലകളെ ചിട്ടപ്പെടുത്തിയ രൂപം ഇസ്ലാമിന്റെ പ്രകാശഭരിതമായ ചിത്രങ്ങളിൽ ഒന്നാണ്.** അതിക്രമങ്ങളെയും അനീതിയെയും –അതാർക്കെതിരെയാണെങ്കിലും– ഇസ്ലാം തടുക്കുകയും നിരോധിക്കുകയും ചെയ്യുന്നു. സ്നേഹത്തിന്റെയും യോജിപ്പിന്റെയും കാരുണ്യത്തിൻറെയും മതമാണ് ഇസ്ലാം.

മനുഷ്യൻ തന്റെ മാതാപിതാക്കളോട് എങ്ങനെ പെരുമാറണം? കുടുംബക്കാരോട്? അയൽവാസികളോട്? കൂട്ടുകാരോട്? മറ്റു മനുഷ്യരോട്..?

ഇതിലെല്ലാം ഏറ്റവും നല്ല സ്വഭാവനിർദേശങ്ങൾ ഇസ്ലാമിന്റെ നിയമങ്ങളിൽ നിനക്ക് കണ്ടെത്താൻ കഴിയും. മനുഷ്യൻ തനിക്ക് വേണ്ടി മാത്രം ജീവിക്കുന്നവനാകരുത്. മറിച്ച്, മറ്റുള്ളവനെ സഹായിക്കാനും, താനല്ലാത്തവരുടെ മാനസിക വ്യവഹാരങ്ങളെ പരിഗണിക്കാനും അവന് സാധിക്കേണ്ടതുണ്ട്.

ദരിദ്രരുണ്ട്; അനാഥനും പ്രായമേറിയവരുമുണ്ട്. വിധവകളും അശരണരുമുണ്ട്. അവർക്ക് അവകാശങ്ങൾ ഇസ്ലാം നൽകിയിരിക്കുന്നു; –നോക്കൂ!–; ഔദാര്യങ്ങളല്ല; അവകാശങ്ങൾ.

അവ നൽകുന്നവന്റെ മനസ്സിൽ ഞാനൊരു ഔദാര്യം ചെയ്യുകയാണെന്ന അഹംഭാവമില്ല. അവ ഏറ്റു വാങ്ങുന്നവരുടെ മനസ്സിൽ ഞാനൊരു യാചകനാണെന്ന പദിത്വ ഭാവവുമില്ല.

തന്റെ അയൽവാസി പട്ടിണി കിടക്കുന്നവനാണെന്ന് അറിഞ്ഞതിന് ശേഷം വയറു നിറച്ചുണ്ട് ചാരിക്കിടക്കുന്നവൻ ഇസ്ലാമിന്റെ കണ്ണിൽ വലിയ അപരാധിയാണ്. മൂന്നു പേർ നിൽക്കുമ്പോൾ രണ്ടു പേർ പരസ്പരം സ്വകാരം പറയരുത്; മൂന്നാമന്റെ മനസ്സിനത് പ്രയാസമുണ്ടാക്കും. ഇസ്ലാമിലെ നിയമങ്ങളാണിത്!

മനുഷ്യരോട് മാത്രമോ ഈ നന്മയും കാരുണ്യവും?! അല്ല! അതിലെ കാരുണ്യവും അനുകമ്പയും മൃഗങ്ങളെയും കന്നുകാലികളെയും വരെ ഉൾക്കൊണ്ടിരിക്കുന്നു. ഉദാഹരണം പറയാം! ഒരു മൃഗം നോക്കി നിൽക്കെ മറ്റൊരു മൃഗത്തെ അറുത്തു കൂടന്നത് ഇസ്ലാമിലെ നിയമങ്ങളിൽ ഒന്നാണ്.

മൂർച്ച കൂട്ടാത്ത കത്തിയുമായി അതിനെ അറുക്കരുതെന്നത് മറ്റൊരു വിശദീകരണം.

സത്യസന്ധതയും വിശ്വസ്തതയും ധൈര്യവും മാന്യതയും ലജ്ജയും വാഗ്ദത്തപാലനവും ഇസ്ലാം എത്രയോ പ്രോത്സാഹനം നൽകിയ സ്വഭാവഗുണങ്ങളിൽ ചിലത് മാത്രം. രോഗിയെ സന്ദർശിക്കണമെന്നും, 'ജനാസ'യിൽ പങ്കെടുക്കണമെന്നും, മാതാപിതാക്കളോട് നന്മ ചെയ്യണമെന്നും, കുടുംബ സന്ദർശനങ്ങൾ നടത്തണമെന്നും, അയൽവാസികളെ പരിഗണിക്കണമെന്നും, മറ്റുള്ളവരുടെ ആവശ്യങ്ങൾ നിറവേറ്റാൻ പരിശ്രമിക്കണമെന്നും ഇസ്ലാം കൽപ്പിക്കുന്നു.

ഈ നിയമങ്ങൾ മറ്റേതെങ്കിലും മതത്തിൽ നീ കണ്ടിട്ടുണ്ടോ?

എന്നാൽ അതിക്രമം പ്രവർത്തിക്കുന്നതിൽ നിന്നും, കള്ളം പറയുന്നതിൽ നിന്നും, അഹങ്കാരവും അസൂയയും വെച്ചു പുലർത്തുന്നതിൽ നിന്നും, മറ്റുള്ളവരെ പരിഹസിക്കുന്നതിൽ നിന്നും, ചീത്ത വിളിക്കുകയും തരംതാഴ്ത്തുകയും ചെയ്യുന്നതിൽ നിന്നും ഇസ്ലാം ശക്തമായി വിലക്കുന്നു.

## ചുരുക്കത്തിൽ...

മേലെ വായിച്ച ചുരുങ്ങിയ വാക്കുകൾ ഇസ്ലാമിനെ കുറിച്ച് ഒരു ചെറിയ ചിത്രം നിനക്ക് നൽകിയെങ്കിൽ; ഈ സന്ദർഭത്തിൽ ഞാൻ നിന്നെ ഓർമ്മപ്പെടുത്തട്ടെ;

ഇസ്ലാമിലെ എല്ലാ നിയമങ്ങളും ചുരുങ്ങിയ വാക്കുകളിൽ വിശദീകരിക്കുക എന്നത് സാധ്യമല്ല. എന്നാൽ ഇസ്ലാമിലെ അടിസ്ഥാനപരമായ ചില പ്രാഥമിക പാഠങ്ങളെ കുറിച്ച് ഇവിടെ ഓർമ്മപ്പെടുത്തുന്നത് വളരെ നന്നായിരിക്കും.

ഇസ്ലാമിൽ സുപ്രധാനമായ ആറു വിശ്വാസകാര്യങ്ങളും, അഞ്ചു പ്രവർത്തനങ്ങളും ഉണ്ട്. ആദ്യം വിശ്വാസ കാര്യങ്ങൾ ചുരുക്കി പറയാം.

## ഒന്ന്: ഏകനായ അല്ലാഹുവിൽ മാത്രം -മറ്റാരെയും പങ്കു ചേർക്കാതെ- വിശ്വസിക്കുക.

ഈ പ്രപഞ്ചത്തെയും അതിലുള്ളതിനെയും മുഴുവൻ സൃഷ്ടിച്ചവൻ അല്ലാഹു മാത്രമാണെന്നും, അവനാണ് ഈ പ്രപഞ്ചത്തെ ഉദ്ദേശിക്കുന്ന രൂപത്തിൽ നിയന്ത്രിക്കുകയും ചെയ്യുന്നതെന്ന് ഒരാൾ വിശ്വസിക്കണം.

ഈ വിശ്വാസം മനസ്സിൽ രൂഢമൂലമായാൽ അതോടെ; തന്റെ ആരാധനകളും പ്രാർത്ഥനകളും അല്ലാഹുവിന് മാത്രമേ അവൻ സമർപ്പിക്കുകയുള്ളൂ. ഇസ്ലാമിലെ ഏത് നിയമങ്ങൾ പ്രാവർത്തികമാക്കലും ആരാധനയാണ്.

അതോടൊപ്പം അല്ലാഹു അവതരിപ്പിച്ച ഈ മതമല്ലാത്ത മറ്റെല്ലാ മതങ്ങളും നിരർത്ഥകവും, മനുഷ്യരുടെ കൈകടത്തലുകൾക്ക് വിധേയമായതാണെന്നും അവൻ വിശ്വസിക്കണം.

## രണ്ട്: മലക്കുകളിൽ വിശ്വസിക്കുക.

അല്ലാഹുവിന്റെ സൃഷ്ടികളിൽ പെട്ട ഒരു വിഭാഗമാണ് മലക്കുകൾ. അവരെ ഈ ലോകത്ത് കാണുകയെന്നത് സാധ്യമല്ല. അല്ലാഹുവിനെ ആരാധിച്ചു കൊണ്ട് നിലകൊള്ളുന്ന അവർ അവന്റെ കൽപനകൾ അനുസരിച്ചു കൊണ്ട് മാത്രമേ പ്രവർത്തിക്കൂ. അവനെ അവർ ഒരിക്കലും ധിക്കരിക്കുകയില്ല.

പ്രപഞ്ചത്തിലെ അനേകം കാര്യങ്ങൾ ഏൽപ്പിക്കപ്പെട്ട മലക്കുകൾ ഉണ്ട്. ഉദാഹരണത്തിന് ജിബ്രീൽ. അല്ലാഹുവിന്റെ സന്ദേശം മനുഷ്യരിൽ പെട്ട അവന്റെ ദൂതന്മാർക്ക് -നബിമാർ- എത്തിച്ചു കൊടുക്കുക എന്നതാണ് ജിബ്രീലിനെ ഏൽപ്പിച്ചിരിക്കുന്നത്. മീകാഈൽ എന്ന മലക് മഴയുടെ കാര്യം ഏൽപ്പിക്കപ്പെട്ട മലകാണ്. മനുഷ്യരുടെ പ്രവർത്തനങ്ങൾ രേഖപ്പെടുത്തുന്നതിനും, മറ്റും ഏൽപ്പിക്കപ്പെട്ട മലകുകളും ഉണ്ട്.

## മൂന്ന്: കിതാബുകളിലുള്ള വിശ്വാസം.

അല്ലാഹു അവന്റെ ദൂതന്മാർക്ക് മേൽ ചില ഗ്രന്ഥങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. അല്ലാഹുവിന്റെ സംസാരമാണ് അതിലുള്ളത്. മനുഷ്യരുടെ സന്മാർഗമാണ് അവയിൽ വിശദീകരിക്കപ്പെട്ടിരിക്കുന്നത്. അല്ലാഹുവിന് ഇഷ്ടമുള്ളത് എന്തെല്ലാമാണെന്നും, അവന് വെറുപ്പുണ്ടാക്കുന്നത് ഏതെല്ലാമാണെന്നും നിനക്കതിൽ വായിക്കാൻ കഴിയും.

അല്ലാഹുവിന്റെ നബിമാർക്ക് ഈ സംസാരം എത്തിച്ചു നൽകുന്നത് മലകുകളിൽ ഏറ്റവും ശ്രേഷ്ഠനായ ജിബ്രീൽ -عَلَيْهِ السَّلَامُ- യാണെന്ന് നേരത്തെ പറയുകയുണ്ടായി. തങ്ങൾക്ക് ലഭിച്ച സന്ദേശം നബിമാർ ജനങ്ങൾക്ക് എത്തിച്ചു കൊടുക്കും.

അല്ലാഹു അവതരിപ്പിച്ച ഗ്രന്ഥങ്ങൾ ധാരാളമുണ്ട്. മൂസ -عَلَيْهِ السَّلَامُ- യുടെ മേൽ അവതരിക്കപ്പെട്ട ഗ്രന്ഥമാണ് തൌറാത്ത്. സബൂർ അവതരിക്കപ്പെട്ടത് ദാവൂദ് -عَلَيْهِ السَّلَامُ- ക്കാണ്. ഇഞ്ചീൽ ഈസ -عَلَيْهِ السَّلَامُ- യുടെ മേലും. മുഹമ്മദ് നബി -ﷺ- യുടെ മേൽ അവതരിക്കപ്പെട്ട ഗ്രന്ഥമാണ് ഖുർആൻ.

ഖുർആൻ ഒഴികെയുള്ള മേൽ പറഞ്ഞ ഗ്രന്ഥങ്ങളെല്ലാം മനുഷ്യരുടെ കൈകടത്തലുകൾക്ക് വിധേയമായിട്ടുണ്ട്. അതിനാൽ അവയെല്ലാം തന്നെ ഇപ്പോൾ അപ്രസക്തമാണ്. എന്നാൽ ഖുർആൻ മനുഷ്യരുടെ കൈകടത്തലുകളിൽ നിന്ന് സുരക്ഷിതമായി നിലകൊണ്ടിരിക്കുന്നു.

മുൻകഴിഞ്ഞ വേദങ്ങളെയെല്ലാം അത് ദുർബലമാക്കിയിരിക്കുന്നു. മുഹമ്മദ് നബി -ﷺ- യുടെ നിയോഗത്തിന് ശേഷം പ്രാവർത്തികമാക്കപ്പെടേണ്ട ഏക ഗ്രന്ഥം ഖുർആൻ മാത്രമാണ്.

എന്നാൽ കഴിഞ്ഞ വേദഗ്രന്ഥങ്ങളിൽ ഉണ്ടായിരുന്ന ഏതെങ്കിലും നന്മകൾ നഷ്ടപ്പെട്ടു പോകുമെന്ന് നീ ഭയക്കേണ്ടതില്ല; അതിൽ ഉണ്ടായിരുന്ന എല്ലാ നന്മകളും ഖുർആനിൽ പൂർണമായി സംരക്ഷിക്കപ്പെട്ടിരിക്കുന്നു. അല്ല! അവയിൽ ഇല്ലാത്ത പല നന്മകളും കൂടുതൽ വിശദീകരണങ്ങളും വ്യക്തതയും ഖുർആനിൽ ഉണ്ട്.

ഇസ്ലാം സത്യമതമാണ് എന്നതിനുള്ള തെളിവുകളിൽ ഏറ്റവും പ്രബലമായ തെളിവാണ് ഖുർആനെന്നു നീ മനസ്സിലാക്കണം. ആയിരത്തി നാനൂറിൽ പരം വർഷങ്ങൾക്ക് മുൻപ് അവതരിക്കപ്പെട്ട ഈ ഗ്രന്ഥത്തിൽ -ഇന്നും; ഈ ആധുനിക കാലഘട്ടത്തിലും- ഒരു തെറ്റോ അബദ്ധമോ, എന്തെങ്കിലുമൊരു വൈരുദ്ധ്യമോ -ഏതെങ്കിലുമൊരു വാക്കിലെങ്കിലും- ഉണ്ടെന്ന് സ്ഥാപിക്കാൻ ആർക്കും കഴിഞ്ഞിട്ടില്ല.

ഈ ആധുനിക പുരോഗമന കാലഘട്ടത്തിൽ പുതുതായി മറനീക്കപ്പെട്ട എത്രയോ പ്രപഞ്ച യാഥാർത്ഥ്യങ്ങൾ വർഷങ്ങൾക്ക് മുൻപ് ഖുർആനിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട് എന്ന് അറിയുമ്പോൾ നിന്റെ വിസ്മയം എന്തു മാത്രമായിരിക്കും?!

അതിനെല്ലാം പുറമേ; ഇത്രയും കാലം പിന്നിട്ടതിന് ശേഷവും ഖുർആനിൽ എന്തെങ്കിലുമൊന്ന് കൂട്ടിച്ചേർക്കപ്പെടുകയോ, എന്തെങ്കിലും എടുത്തു കളയപ്പെടുകയോ ചെയ്തിട്ടില്ല.

ആയിരത്തി നാനൂറ് വർഷങ്ങൾ!

ഇതിൽ കുറഞ്ഞ വർഷങ്ങൾ മാത്രം -നൂറോ അതിൽ താഴെയോ വർഷങ്ങൾ പോലും പഴക്കമുള്ള- ഗ്രന്ഥങ്ങൾ വരെ മാറ്റങ്ങളും തിരുത്തലുകളുമായി പുതിയ എഡിഷനുകളും അവയുടെ തിരുത്തലുകളുമായി പിന്നീടും പിന്നീടും ഇറങ്ങി കൊണ്ടിരിക്കുന്നു.

അങ്ങേ പടിഞ്ഞാറു വായിക്കുന്ന ഖുർആനും, ഇങ്ങേ കിഴക്ക് വായിക്കുന്ന ഖുർആനും തമ്മിൽ ഒരു വ്യത്യാസവും -ഒരക്ഷരത്തിൽ പോലും- നിനക്ക് കാണാൻ കഴിയില്ല. നൂറു വർഷങ്ങൾക്ക് മുൻപുള്ള ഖുർആനും ഇന്ന് പ്രിന്റ് ചെയ്യപ്പെട്ട ഖുർആനും തമ്മിൽ ഇതു പോലെ തന്നെ!

എന്നാൽ; ഖുർആൻ! അതിലൊരു മാറ്റവും ഉണ്ടായിട്ടില്ല. ഇത് നിന്റെ സ്രഷ്ടാവായ അല്ലാഹുവിൽ നിന്ന് നിനക്കുള്ള സന്ദേശമല്ലെങ്കിൽ; അവന്റെ ദൃഷ്ടാന്തമല്ലെങ്കിൽ; പിന്നെ മറ്റെന്താണ്?

ഖുർആനിനെ കുറിച്ച് ഏറെ പറയാനുണ്ട്. അതിന് സമാനമായി മറ്റൊരു ഗ്രന്ഥവും നിലകൊള്ളുന്നില്ല. അത് മനസ്സിൽ സ്വാധീനം ചെലുത്തുന്നതു പോലെ മറ്റൊന്നിനും നിന്റെ മനസ്സിൽ സ്വാധീനം ചെലുത്താൻ കഴിയില്ല. കഴിയുമെങ്കിൽ മനോഹരമായി ഖുർആൻ പാരായണം ചെയ്യുന്ന ആരുടെയെങ്കിലും പാരായണം നീ കണ്ടെത്താൻ ശ്രമിക്കുക.

ഏകാന്തതയിൽ –അർഥം മനസ്സിലായില്ലെങ്കിൽ കൂടി– നീ അതിന് ശ്രദ്ധ കൊടുത്തു നോക്കൂ. നിന്റെ ഹൃദയം നിശ്ചലമാക്കി കേട്ടു നോക്കൂ. എത്ര മനോഹരം! അതിന്റെ അർഥം അതിനെക്കാൾ ഭംഗിയുള്ളതാണ്. നീ പഠിച്ചു നോക്കൂ!

## നാല്: റസൂലുകളിൽ ഉള്ള വിശ്വാസം.

മനുഷ്യരിൽ ഏറ്റവും ശ്രേഷ്ഠരായ ചിലരെ അല്ലാഹു തിരഞ്ഞെടുക്കുകയും, അവർക്ക് അവൻ തന്റെ സന്ദേശം എത്തിച്ചു നൽകുകയും, അത് ജനങ്ങൾക്ക് എത്തിച്ചു കൊടുക്കാൻ അവരോടു കൽപ്പിക്കുകയും ചെയ്തിട്ടുണ്ടെന്ന് ഓരോ മുസ്ലിമും വിശ്വസിക്കണം. ചരിത്രത്തിൽ ധാരാളം റസൂലുകൾ (ദൂതന്മാർ) വന്നിട്ടുണ്ട്. നൂഹ്, ഇബ്രാഹീം, ദാവൂദ്, സുലൈമാൻ, ലൂത്വ്, യൂസുഫ്, മൂസ – عَلَيْهِمُ السَّلَامُ–... അവരിൽ ചിലർ മാത്രം.

മർയമിന്റെ മകൻ ഈസ –عَلَيْهِ السَّلَامُ– യും റസൂലുകളിൽ പെട്ട മനുഷ്യനാണ്. അദ്ദേഹം മാന്യനായ റസൂലാണ് എന്നു വിശ്വസിക്കൽ നിർബന്ധമാണ്. റസൂലുകളിൽ വളരെ ശ്രേഷ്ഠരായവരിൽ ഒരാളാണ് ഈസ –عَلَيْهِ السَّلَامُ–. അദ്ദേഹം നബിയായിരുന്നെന്ന് വിശ്വസിക്കൽ നിർബന്ധമാണ്. അദ്ദേഹത്തെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യണം.

ആരെങ്കിലും ഈസ –عَلَيْهِ السَّلَامُ– യോട് വെറുപ്പോ ദേഷ്യമോ പ്രകടിപ്പിച്ചാൽ അവന് ഇസ്ലാമിൽ യാതൊരു പങ്കുമില്ല. മറിച്ച്, അദ്ദേഹത്തെ അല്ലാഹു –تَعَالَى– പിതാവില്ലാതെയാണ് സൃഷ്ടിച്ചത്. ഇത് സത്യപ്പെടുത്താൻ മുസ്ലിമിന് യാതൊരു പ്രയാസവുമില്ല. ഒരു പിതാവില്ലാതെ, മാതാവിൽ നിന്ന് മാത്രമായി ഈസയെ പടക്കാൻ അല്ലാഹുവിന് കഴിവും ശക്തിയുമുണ്ട്. മനുഷ്യ പിതാവായ ആദമിനെ ഒരു പിതാവോ മാതാവോ ഇല്ലാതെ പടച്ചവനത്രെ അവൻ. തീർച്ചയായും അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവൻ തന്നെ.

ഈ പറഞ്ഞതിൽ നിന്ന് ഈസ –عَلَيْهِ السَّلَامُ– അല്ലാഹുവിന്റെ മകനോ, അല്ലാഹു തന്നെയോ അല്ല എന്ന് മനസ്സിലാകും. എങ്ങനെയാണ് അദ്ദേഹം ലോകസ്രഷ്ടാവായ അല്ലാഹു ആവുക? പത്തു മാസത്തോളം പ്രപഞ്ചത്തിലെ ചെറിയൊരു ഗ്രഹമായ ഭൂമിയിൽ വസിക്കുന്ന, വളരെ നിസ്സാരയായ ഒരു സൃഷ്ടിയുടെ ഗർഭപാത്രത്തിൽ പത്തു മാസം ഇരുട്ടിൽ കഴിഞ്ഞാണ് അദ്ദേഹം

പുറത്തു വന്നത്.

ദൈവം ഗർഭപാത്രത്തിന്റെ ഇരുട്ടിൽ കഴിയുകയോ?!

മനുഷ്യ സ്ത്രീയുടെ മുലപ്പാൽ കുടിക്കുകയോ?

കരയുകയും ഭക്ഷിക്കുകയും മൂത്രമൊഴിക്കുകയും വിസർജ്ജിക്കുകയും ചെയ്യുന്ന ദൈവമോ?

വിഡ്ഢികൾ പറഞ്ഞുണ്ടാക്കുന്നതിൽ നിന്ന് ആകാശ ലോകങ്ങളുടെ സ്രഷ്ടാവായ അല്ലാഹു എത്രയോ പരിശുദ്ധൻ!

ഈസ -عَلَيْهِ السَّلَامُ- നബിയും റസൂലും ആയിരുന്നെന്നു പറഞ്ഞല്ലോ? അദ്ദേഹം തനിക്ക് ശേഷം വരാനിരിക്കുന്ന ഒരു നബിയെ കുറിച്ച് സന്തോഷ വാർത്ത അറിയിച്ചു കൊണ്ടാണ് ജനങ്ങളിലേക്ക് വന്നത്.

ഈസ -عَلَيْهِ السَّلَامُ- സന്തോഷവാർത്ത അറിയിച്ച ആ നബിയാണ് അബ്ദുല്ലയുടെ മകൻ മുഹമ്മദ് -ﷺ-. അദ്ദേഹത്തോടെ അല്ലാഹുവിന്റെ ദൂതന്മാരുടെ ചങ്ങല അവസാനിച്ചു. അവിടുത്തേക്ക് ശേഷം ഇനി നബിയില്ല.

ആയിരത്തി നാനൂറിൽ പരം വർഷങ്ങൾക്ക് മുൻപ് നിയോഗിക്കപ്പെട്ട ഈ നബിയിൽ -മുഹമ്മദ് നബി -ﷺ- യിൽ- വിശ്വസിക്കുക എന്നത് അദ്ദേഹത്തിനു ശേഷം അന്ത്യനാൾ വരെയുള്ള മനുഷ്യന്മാരുടെ മേൽ നിർബന്ധമാണ്. മുഹമ്മദ് -ﷺ- നബിയാണെന്ന് വിശ്വസിക്കുകയും, അവിടുത്തെ അനുസരിക്കുകയും, അവിടുത്തെ കൽപനകൾ നിറവേറ്റുകയും, വിലക്കുകളിൽ നിന്നും വിരോധങ്ങളിൽ നിന്നും വിട്ടു നിൽക്കുകയും വേണം.

മുഹമ്മദ് നബി -ﷺ- യുടെ ചരിത്രം വായിക്കുകയും മനസ്സിലാക്കുകയും ചെയ്ത ഏതൊരാളും അവിടുത്തെ വ്യക്തിത്വം മഹത്തരമായിരുന്നു എന്ന് അംഗീകരിക്കാതിരുന്നിട്ടില്ല. അവിടുത്തേക്ക് മുൻപോ ശേഷമോ മറ്റാരിലും കാണപ്പെട്ടിട്ടില്ലാത്ത വിധം, അനേകം നല്ല സ്വഭാവഗുണങ്ങളും, മഹത്തരമായ വിശേഷണങ്ങളും നബി -ﷺ- യിൽ ഒരുമിച്ചിരുന്നു. നബി -ﷺ- യുടെ ചരിത്രത്തെ കുറിച്ച് ഒരു ചെറിയ വായനയെങ്കിലും നടത്തിയാൽ ഞാനീ പറയുന്നത് സത്യമാണെന്ന് നിനക്കും ബോധ്യപ്പെടാതിരിക്കില്ല.

അവിടുന്ന് അല്ലാഹുവിന്റെ ദൂതനാണ് എന്ന് അറിയിക്കുന്ന അനേകം ദൃഷ്ടാന്തങ്ങൾ അല്ലാഹു അദ്ദേഹത്തിനു നൽകിയിട്ടുണ്ട്. അവ മനസ്സിലാക്കുന്ന ഒരാൾക്കും മുഹമ്മദ് -ﷺ- അല്ലാഹുവിന്റെ ദൂതനല്ല എന്ന് സ്ഥാപിക്കാൻ കഴിയില്ല.

## അഞ്ച്: അന്ത്യദിനത്തിലുള്ള വിശ്വാസം:

നാം ഈ ജീവിക്കുന്ന ഐഹിക ജീവിതത്തിനു ശേഷം ഇനിയൊരു ജീവിതം കൂടി നമ്മെ കാത്തിരിക്കുന്നുണ്ട്. അവിടെ നമ്മുടെ പ്രവർത്തനങ്ങൾക്ക് പ്രതിഫലം നൽകപ്പെടും. നന്മ ചെയ്തവർക്ക് സുഖങ്ങളും ആസ്വാദനങ്ങളുമുണ്ട്; സ്വർഗമുണ്ട്. തിന്മ ചെയ്തവർക്ക് കഠിനമായ ശിക്ഷയും കത്തിജ്ജ്വലിക്കുന്ന നരകവുമുണ്ട്.

ഇസ്ലാമിൽ വിശ്വസിക്കുകയും അതിലെ വിധിവിലക്കുകൾ പ്രാവർത്തികമാക്കുകയും ചെയ്തവരുടെ സങ്കേതം സ്വർഗമാണ്. ഒരു മനുഷ്യന്റെയും ഭാവനയിൽ വരാത്തത്ര സുഖാനുഭൂതികൾ അവിടെയുണ്ട്. നമ്മുടെ ഈ ലോകത്തെ എല്ലാ സുഖങ്ങളും ചേർത്തു വെച്ചാലും സ്വർഗത്തിലെ ഏതെങ്കിലും ഒരു അനുഗ്രഹത്തിന് തുല്ല്യമാകില്ല അവയൊന്നും. സ്വർഗത്തിൽ പ്രവേശിച്ചവർ -അറ്റമില്ലാതെ- അവസാനമില്ലാതെ, മരിക്കാതെ അതിൽ ജീവിച്ചു കൊണ്ടിരിക്കും.

എന്നാൽ ഇസ്ലാമിൽ വിശ്വസിക്കാതിരിക്കുകയും, അതിന്റെ നിയമങ്ങളോടു എതിരാവുകയും ചെയ്തവർ; അവരുടെ സങ്കേതം നരകമാണ്. കത്തിജ്വലിക്കുന്ന അഗ്നിയാണ് അതിൽ. ഒരാളുടെയും ഭാവനയിൽ പോലും അതിലെ വേദനകൾ മിന്നിമറഞ്ഞിട്ടില്ല. നമ്മൾ ജീവിക്കുന്ന ഈ ലോകത്തുള്ള എല്ലാ അഗ്നിയും ചേർത്തു വെക്കുകയും, എല്ലാ തരം ശിക്ഷകളും ഒരുമിപ്പിക്കുകയും ചെയ്താലും നരകത്തിലെ ശിക്ഷയുടെ ഒരു ചെറിയ ഭാഗമെങ്കിലും അതാവുകയില്ല.

ബുദ്ധി കൊണ്ടു ചിന്തിച്ചാലും ഞാനീ പറയുന്നത് ശരിയാണെന്ന് നിനക്ക് ബോധ്യപ്പെടും. കാരണം ഈ ലോകവും ഇതിലുള്ളവരുമെല്ലാം ഒരു ദിവസം നശിച്ചു പോവുകയും പിന്നെ ഒന്നുമില്ലാതാവുകയും ചെയ്യുക എന്നത് വളരെ വിദൂരം തന്നെ! അങ്ങനെയാണെങ്കിൽ പിന്നെന്തിന് വേണ്ടിയാണീ ജീവിതം? ആർക്കു വേണ്ടിയാണ് സത്യവും നീതിയും? എന്തു പ്രതീക്ഷകളാണ് എനിക്കും നിനക്കും ബാക്കിയുള്ളത്?

നമ്മുടെ മേൽ ഈ കാരുണ്യമെല്ലാം ചൊരിഞ്ഞ അല്ലാഹു അങ്ങനെ നമ്മെ പരിഗണിക്കാതെ വിടുക എന്നത് ഒരിക്കലും സാധ്യമല്ല. അതിനാൽ പരലോകമുണ്ട്. ഉറപ്പായും സംഭവിക്കുന്ന മരണത്തിനു ശേഷമൊരു ജീവിതമുണ്ട്. അവിടെ നീ നിന്റെ സ്രഷ്ടാവിനെ കണ്ടു മുട്ടുക തന്നെ ചെയ്യും. അന്നേ ദിവസത്തേക്ക് വേണ്ടി ഇപ്പോൾ തന്നെ നീ തയ്യാറെടുത്തു തുടങ്ങുക.

## 6- വിധിവിശ്വാസം.

ഈ പ്രപഞ്ചത്തിലുള്ള എല്ലാ ചലനങ്ങളും നിശ്ചലതകളും അല്ലാഹുവിന്റെ അറിവോടെയും, അവന്റെ ഉദ്ദേശത്തോടെയുമാണ് എന്ന വിശ്വാസം ഓരോ മുസ്ലിമിനും ഉണ്ടായിരിക്കണം. അല്ലാഹു ഉദ്ദേശിച്ചതല്ലാതെ ഒന്നും

സംഭവിക്കുകയില്ല. അവൻ ഉദ്ദേശിച്ചതേ സംഭവിക്കൂ. അവനാണ് ഈ പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളെയും സൃഷ്ടിച്ചത്.

ആകാശ ഭൂമികൾ സൃഷ്ടിക്കപ്പെട്ടത് മുതൽ പിന്നീട് സംഭവിക്കാനിരിക്കുന്ന എല്ലാ കാര്യങ്ങളെ കുറിച്ചും മഹത്തരമായ 'ലൌഹുൽ മഹ്ഫൂദ്' എന്ന ഗ്രന്ഥത്തിൽ അല്ലാഹു രേഖപ്പെടുത്തി വെച്ചിരിക്കുന്നു. വിധിയിലുള്ള വിശ്വാസം എന്നതിന്റെ ചുരുക്കം ഇതാണ്.

പ്രവർത്തന മേഖലയിൽ ശ്രദ്ധിക്കേണ്ട അഞ്ച് കാര്യങ്ങളുണ്ട് എന്ന് പറഞ്ഞല്ലോ. ഇനി പറയുന്നവയാണ് അവ:

## ഒന്ന്: ഇസ്ലാമിന്റെ സാക്ഷ്യവചനം പ്രഖ്യാപിക്കൽ.

ഇസ്ലാമിലേക്ക് പ്രവേശിക്കുന്നതിനുള്ള താക്കോലെന്ന് വിശേഷിപ്പിക്കപ്പെടാവുന്ന 'ശഹാദത് കലിമ' പ്രഖ്യാപിക്കലാണ് ഇസ്ലാം കാര്യങ്ങളിൽ ഒന്നാമത്തേത്. അല്ലാഹുവിന്റെ മതമായ ഇസ്ലാം താൻ മുറുകെ പിടിക്കും എന്നുള്ളതിന് മനുഷ്യനും അവന്റെ സൃഷ്ടാവായ അല്ലാഹുവിനും ഇടയിലുള്ള കരാറാണ് അത്.

أَشْهَدُ أَلَّا إِلَهَ إِلَّا اللَّهُ وَأَشْهَدُ أَنَّ مُحَمَّدًا رَسُولُ اللَّهِ

(അശ്ഹദു അല്ലാ ഇലാഹ ഇല്ലല്ലാഹ്, വ അശ്ഹദു അന്ന മുഹമ്മദൻ റസൂലുല്ലാഹ് – അർഥം: അല്ലാഹുവല്ലാതെ ആരാധനക്ക് അർഹനായി മറ്റാരും ഇല്ലെന്നും, മുഹമ്മദ് നബി -ﷺ- അല്ലാഹുവിന്റെ ദൂതനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു)

ഇതാണ് ആ വാചകം.

ഈ വാക്യം അർത്ഥമാക്കുന്ന ചില കാര്യങ്ങൾ താഴെ നൽകാം.

1- അല്ലാഹുവിനെ മാത്രമേ ഞാൻ ഇനി ആരാധിക്കൂ. മറ്റാരെയും ഞാൻ ഇനി ആരാധിക്കുകയില്ല.

2- ആരാധനയുടെ എല്ലാ ഇനങ്ങളും -ഉദാഹരണത്തിന്; പ്രാർത്ഥന, സാഷ്ടാംഗം, ഭയം, പ്രതീക്ഷ എന്നിവ- അല്ലാഹുവിന് മാത്രം അർഹതപ്പെട്ടതാണ്. മറ്റാർക്കും അതിന് അർഹതയില്ല.

3- അല്ലാഹുവിന് പുറമെയുള്ളവർക്ക് നൽകപ്പെടുന്ന ആരാധനകൾ നിഷ്ഫലമാണ്. അപ്രകാരം അല്ലാഹുവിന് പുറമെയുള്ളവരെ ആരാധിക്കൽ ഏറ്റവും വലിയ തിന്മയാണ്.

4– ഇസ്ലാം മാത്രമാണ് സത്യ മതം. മറ്റെല്ലാ മതങ്ങളിലും അസത്യങ്ങളും മനുഷ്യരുടെ കൈകടത്തലുകളും ഉണ്ടായിട്ടുണ്ട്.

5– മുഹമ്മദ് നബി –ﷺ– അല്ലാഹുവിന്റെ ദൂതനാണ്. അവിടുത്തേക്ക് അല്ലാഹുവിൽ നിന്ന് സന്ദേശം ലഭിച്ചിട്ടുണ്ട്.

6– മുഹമ്മദ് നബി –ﷺ– യുടെ കൽപ്പനകൾ എല്ലാം അനുസരിക്കൽ നിർബന്ധമാണ്; അവിടുത്തെ വിലക്കുകൾ വെടിയലും അപ്രകാരം തന്നെ.

7– മുഹമ്മദ് നബി –ﷺ– കാണിച്ചു തന്നത് പ്രകാരമേ ഞാൻ അല്ലാഹുവിനെ ആരാധിക്കുകയുള്ളൂ. അവിടുന്ന് പഠിപ്പിക്കാത്ത ഒന്നും ഞാൻ പുതുതായി ഉണ്ടാക്കുകയില്ല.

8– ഞാൻ ഏറ്റവും കൂടുതൽ സ്നേഹിക്കുന്നത് അല്ലാഹുവിനെയാണ്. അല്ലാഹുവിനെ കഴിഞ്ഞാൽ മുഹമ്മദ് നബി –ﷺ– യെ.

9– എന്റെ ജീവിതവും മരണവും സർവ്വതും എന്നെ സൃഷ്ടിക്കുകയും എനിക്ക് എല്ലാ അനുഗ്രഹങ്ങളും നൽകുകയും ചെയ്ത അല്ലാഹുവിനാണ്.

## 2– നിസ്കാരം (സ്വലാത്)

ഒരു മുസ്ലിം എല്ലാ ദിവസവും അഞ്ചു നേരം നിർബന്ധമായും നിർവ്വഹിക്കേണ്ട കർമ്മമാണ് നിസ്കാരം (അറബിയിൽ സ്വലാത്). അല്ലാഹുവുമായുള്ള അവന്റെ ബന്ധം ഓരോ തവണയും ഈ കർമ്മത്തിലൂടെ പുതുക്കപ്പെടുന്നു. അവന്റെ മനസ്സിനെ അത് ശുദ്ധീകരിക്കുകയും, തിന്മകളിൽ നിന്ന് അതവനെ തടുത്തു നിർത്തുകയും ചെയ്യുന്നു.

ധാരാളം സമയമെടുക്കുന്ന കർമ്മമല്ല നിസ്കാരം. വളരെ ചുരുങ്ങിയ സമയം – അഞ്ചു മിനിട്ടോ മറ്റോ– നിസ്കാരത്തിന് മതിയാകും. പക്ഷേ ശരിയായ രൂപത്തിൽ നിർവ്വഹിക്കുകയാണെങ്കിൽ അത് അവന് മണിക്കൂറുകളുടെ ഉന്മേഷവും, മനസ്സമാധാനവും നൽകും.

## 3– സകാത്.

ഒരു നിശ്ചിത അളവ് സമ്പാദ്യമുള്ള ഓരോ മുസ്ലിമും എല്ലാ വർഷവും തന്റെ സമ്പാദ്യത്തിൽ നിന്ന് ദരിദ്രർക്കും മറ്റു സകാതിന്റെ അവകാശികൾക്കും നൽകേണ്ട, അവന്റെ സമ്പാദ്യത്തിന്റെ വളരെ ചെറിയ ഒരു വിഹിതമാണ് സകാത്ത്.

നൂറിൽ രണ്ടര ശതമാനം മാത്രമാണ് സകാത് നൽകേണ്ടതുള്ളൂ. ഒരു ലക്ഷമുള്ളയാൾ 2500 രൂപ. എന്നാൽ ചെറുതെങ്കിലും ഈ തുക മുസ്ലിം

സമൂഹത്തെ പരസ്പര യോജിപ്പുള്ളതും, കാരുണ്യമുള്ളവരുമാക്കി തീർക്കുന്നു. യഥാർത്ഥ സാഹോദര്യത്തിന്റെയും സ്നേഹത്തിന്റെയും പരസ്പര യോജിപ്പിന്റെയും അർത്ഥങ്ങൾ അതിലൂടെ പൂവണിയുന്നു.

## 4– നോമ്പ്.

ഭക്ഷണം, വെള്ളം, ലൈംഗികബന്ധം എന്നിങ്ങനെ ചില കാര്യങ്ങളിൽ നിന്ന് പുലരി മുതൽ സൂര്യാസ്തമയം വരെ സ്വന്തം ശരീരത്തെ പിടിച്ചു നിർത്തലാണ് നോമ്പ്. വർഷത്തിൽ ഒരു മാസം –റമദാനിൽ– മാത്രമേ നോമ്പ് നിർബന്ധമുള്ളൂ.

എന്നാൽ, രോഗമോ യാത്രയോ മറ്റെന്തെങ്കിലും കാരണങ്ങളോ കൊണ്ട് പ്രയാസം അനുഭവിക്കുന്നവർക്ക് നോമ്പ് നോൽക്കുന്നതിൽ നിന്ന് ഇളവുണ്ട്. അവർക്ക് റമദാനിൽ ആണെങ്കിലും –മേൽ പറഞ്ഞ ഒഴിവു കഴിവുകൾ ഉണ്ടെങ്കിൽ– നോമ്പ് ഒഴിവാക്കാവുന്നതാണ്. എന്നാൽ –ഒഴിവുകഴിവുകൾ അവസാനിച്ചാൽ– വർഷത്തിൽ ഏതെങ്കിലും ദിവസങ്ങളിൽ നഷ്ടപ്പെട്ട നോമ്പുകൾക്ക് പകരമായി നോമ്പെടുക്കുകയും, അവയുടെ കടം വീട്ടുകയും വേണം.

നോമ്പിന് ശാരീരികവും മാനസികവും സാമൂഹികവുമായ അനേകം ഫലങ്ങൾ നൽകാൻ കഴിയും. ആമാശയത്തിന് വിശ്രമം നൽകുന്നതിലൂടെ അത് ശരീരത്തിന്റെ ആരോഗ്യം നേരെയാക്കുന്നു. നോമ്പുകാരന്റെ സ്വഭാവത്തെയും ആത്മീയമായ പദവികളെയും അത് മെച്ചപ്പെടുത്തുന്നു. അതോടൊപ്പം, തനിക്കു ചുറ്റുമുള്ള ദരിദ്രരായ മനുഷ്യരെ കുറിച്ച് അതവനെ ഓർമ്മപ്പെടുത്തുകയും, അവരുടെ പ്രയാസത്തെ കുറിച്ച് ചിന്തിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. അതവന്റെ അഹങ്കാരം ഇല്ലാതെയാക്കുകയും, ദരിദ്രരെ സഹായിക്കുന്നതിലേക്ക് അവനെ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

## 5– ഹജ്ജ്.

ഇസ്ലാമിക പ്രബോധനത്തിന് പ്രാരംഭം കുറിച്ച മക്കയിൽ വെച്ചു നിർവ്വഹിക്കേണ്ട ഒരു ആരാധനാകർമ്മമാണ് ഹജ്ജ്. ജീവിതത്തിൽ ഒരിക്കൽ ഹജ്ജ് ചെയ്യൽ നിർബന്ധമാണ്. എന്നാൽ, യാത്രക്കുള്ള സൌകര്യങ്ങൾ ഇല്ലാത്തവരോ, രോഗികളോ ആയവർക്ക് അത് നിർബന്ധവുമില്ല.

മറ്റു ആരാധനാകർമ്മങ്ങളെ കുറിച്ച് പറഞ്ഞതു പോലെ: ഹജ്ജിലും അനേകം ഉപകാരങ്ങളുണ്ട്. ലോകത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിലുള്ള മുസ്ലിംകൾ –ഏകോദര സഹോദരങ്ങളെ– പോലെ, കറുത്തവനെന്നോ വെളുത്തവനെന്നോ, തൊഴിൽ വേർതിരിവുകളോ നാടിന്റെ അതിർവരമ്പുകളോ ഇല്ലാതെ ഒരുമിക്കുന്നു. അല്ലാഹുവിനെ ആരാധിച്ചും, അവനെ വിളിച്ചു പ്രാർഥിച്ചും കുറച്ചു ദിവസങ്ങൾ

കഴിച്ചു കൂട്ടുന്നു. അതവർക്കിടയിൽ സ്നേഹവും ബന്ധവും ഊട്ടിയുറപ്പിക്കുന്നു.

അതിനാൽ...

ഇത്രയും വായിച്ചതിൽ നിന്ന് ഇസ്ലാമിനെ കുറിച്ച് ഒരു ചുരുങ്ങിയ ചിത്രം നിനക്ക് ലഭിച്ചു കാണുമെന്നു കരുതുന്നു. ഇനിയും ഇസ്ലാമിൽ പ്രവേശിക്കാൻ മടിച്ചു നിൽക്കുകയാണോ നീ?!

ഹൃദയത്തിന്റെ ആഴങ്ങളിൽ നിന്ന്, സത്യസന്ധമായ ഹൃദയത്തോടെ, കനിവോടെ –ഞാൻ– നിന്നോടു പറയട്ടെ:

ഞാൻ നിന്നെ ക്ഷണിക്കുന്നു!

മരണം പൊടുന്നനെ നിന്നെ കണ്ടു മുട്ടുന്നതിന് മുൻപ്...

മേൽ പറഞ്ഞ നന്മകളുടെ സമുദ്രത്തിൽ ഒരു തവണയെങ്കിലും ഇറങ്ങാതെ നീ ഇവിടം വിട്ടു പിരിയരുത്... അതിന്റെ നനവുകളിൽ കുളിരണിയാതെ നീ മടങ്ങരുത്...

വരൂ!

സന്മാർഗത്തിലേക്ക്...

ശാന്തിയിലേക്ക്..

സമാധാനത്തിലേക്ക്..

ആദരവിലേക്ക്..

ഇസ്ലാമിലേക്ക്...

മടക്കമില്ലാത്ത നാശത്തിലേക്ക് നീ എടുത്തു ചാടാതിരിക്കുക..!

അല്ലാഹു നിന്നെ കാത്തു രക്ഷിക്കട്ടെ.

ഇനിയും നീ മടിച്ചു നിൽക്കുകയാണോ?

ഇസ്ലാമിൽ പ്രവേശിച്ചില്ലെങ്കിൽ നിനക്കെന്താണ് സംഭവിക്കാൻ പോകുന്നതെന്നറിയുമോ?

മരണത്തിനു ശേഷം ഭയാനകമായ ഒരു നരകം കാത്തിരിക്കുന്നുണ്ട്. അവസാനമില്ലാതെ നീ അവിടെ ശിക്ഷിക്കപ്പെടും.

ഒരിക്കലും കളവു പറയാത്ത മുഹമ്മദ് നബി –ﷺ– യുടെ താക്കീതാണത്. സത്യം നിറഞ്ഞു നിൽക്കുന്ന ഖുർആനിന്റെ സാക്ഷ്യമാണത്.

എന്തിനാണ് വേദനയേറിയ ഈ ശിക്ഷക്ക് മുൻപിൽ നീ ഭാഗ്യപരീക്ഷണത്തിനു നിൽക്കുന്നത്?!

ഇപ്പോൾ നീ മരിച്ചു പോയാൽ...?!

ഇപ്പോഴും നീ മാറി നിൽക്കുകയാണോ?!

ഞാൻ നിന്നോട് ചോദിക്കട്ടെ!

നീ ഇസ്ലാമിൽ പ്രവേശിച്ചാൽ നിനക്ക് എന്തു നഷ്ടമാണ് വരാനിരിക്കുന്നത്?

പറയൂ!

എന്താണ് നിനക്ക് നഷ്ടപ്പെടാനുള്ളത്?

നിനക്ക് നേടാനുള്ളത് എന്താണെന്ന് മേലെ നീ വായിച്ചു കഴിഞ്ഞു.

ഇസ്ലാം നിന്റെ ജീവിതത്തിൽ നന്മകളല്ലാതെ മറ്റെന്താണ് കൊണ്ടു വരിക?

ഈ വരികൾക്ക് പിറകിലിരുന്ന് ഇത്രയും നേരം നിന്നോട് സംവദിച്ച ഞാനും നീയും ഇതോടെ സഹോദരങ്ങളായി മാറും.

ലോകത്തുള്ള ലക്ഷക്കണക്കിന് മുസ്ലിംകൾ നിന്റെ സഹോദരങ്ങളാകും. അവർക്ക് നീയും നിനക്ക് അവരുമുണ്ട്. നമുക്ക് ആകാശങ്ങളുടെ സ്രഷ്ടാവായ അല്ലാഹുവുണ്ട്.

അതിനെല്ലാം പുറമേ;

മരണ ശേഷം നിന്നെ കാത്തിരിക്കുന്ന ആകാശ ഭൂമികളോളം വിശാലമായ സ്വർഗമുണ്ട്.

അവിടെ നബിമാരും റസൂലുകളുമുണ്ട്.

അതിനുമെല്ലാം മേലെ...

നീ ഒരിക്കലും കണ്ടിട്ടില്ലാത്ത...

ഇപ്പോഴും നിന്നെ വീക്ഷിച്ചു കൊണ്ടിരിക്കുന്ന...

നിനക്ക് അനുഗ്രഹങ്ങളേറെ ചൊരിഞ്ഞു തന്ന...

കാരുണ്യവാനായ...

നിന്റെ അല്ലാഹുവുണ്ട്.

അവന്റെ തൃപ്തിയുണ്ട്. ഇഷ്ടമുണ്ട്.

വരൂ!

അല്ലാഹുവിന്റെ ദീനിലേക്ക് -ഇസ്ലാമിലേക്ക്- വരൂ!

(ശൈഖ് സ്വാലിഹ് അസ്സിന്തി -ഹഫിദഹുല്ലാഹ്- എഴുതിയ 'ഹൽ തബ്ഹസു അനിസ്സആദ' എന്ന ഗ്രന്ഥം അവലംബമാക്കി എഴുതിയത്. അല്ലാഹു ശൈഖിനും ലേഖകനും ഇത് വായിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തവർക്കും മഹത്തായ പ്രതിഫലം നൽകുമാറാകട്ടെ.)

وَصَلَّى اللَّهُ وَسَلَّمَ وَبَارَكَ عَلَى رَسُولِنَا وَنَبِيِّنَا مُحَمَّدِ بْنِ عَبْدِ اللَّهِ، وَعَلَى آلِهِ وَصَحْبِهِ وَسَلَّمَ

وَآخِرُ دَعْوَانَا أَنِ الحَمْدُ لِلَّهِ رَبِّ العَالَمِينَ.

كَتَبَهُ : أَبُو تُرَاب عَبْد المُحْسِن بْن سَيِّد عَلِيّ عَيْدِيدُ

-غَفَرَ اللَّهُ لَهُ وَلِوَالِدَيْهِ وَلِجَمِيعِ المُسْلِمِينَ-

**ഖുർആനും സുന്നത്തും സലഫുകൾ**

**മനസ്സിലാക്കിയത് പോലെ...**

# അൽ-അസ്വാല

ALASWALA.COM